1065
17/1/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നെന്മാറ ഡിവിഷൻ - ചെറുനെല്ലി എസ്റ്റേറ്റ് സർക്കാർ അനുമതി കൂടാതെ പാട്ടക്കരാറുകാർക്ക് തിരികെ നൽകിയത് - ശ്രീ. സി. റ്റി. ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി – സസ്പെൻഷൻ കാലം ക്രമീകരിച്ചതിനുമേൽ സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.490/2019/വനം തിരുവനന്തപുരം, തീയതി, 09/12/2019

---

പരാമർശം:- 1 31.12.2011-ലെ സ.ഉ.(സാധാ) നം.555/2011/വനം

2 11.05.2012-ലെ സ.ഉ.(സാധാ)നം. 228/2012/വനം

3 18.02.2019-ലെ സ.ഉ.(സാധാ.) നം.70/19/വനം

4 03.06.2019-ലെ സ.ഉ.(സാധാ.) നം.198/19/വനം

5 11.06.2019 തീയതിയായി ശ്രീ.സി.റ്റി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച റിവ്യൂ ഹർജി

ഉത്തരവ്

നെന്മാറ ഡിവിഷന്റെ കീഴിലുള്ള ചെറുനെല്ലി എസ്റ്റേറ്റ് സർക്കാർ അനുമതി കൂടാതെ പാട്ടക്കരാറുകാർക്ക് തിരികെ നൽകിയതുമായി ബന്ധപ്പെട്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സി.റ്റി.ജോജുവിനെ അന്വേഷണ വിധേയമായി പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, 24.04.2012 തീയതിയായി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

2) മേൽ അച്ചടക്ക നടപടി പരാമർശം (3) പ്രകാരം 'കർശന താക്കീത്' നൽകിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുകയും 31.12.2011 മുതൽ 10.05.2012 വരെയുള്ള സസ്പെൻഷൻ കാലയളവിലെ ശമ്പളവും ബത്തകളും ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും , 11.05.2012 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് KSR Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തു.

3) മേൽ ഉത്തരവ് പുന:പരിശോധിച്ച് സസ്പെൻഷൻ കാലത്തെ ശമ്പളവും ബത്തകളും പൂർണ്ണമായും അനുവദിക്കുന്നതിന് ശ്രീ.സി.റ്റി.ജോജു പരാമർശം (5) പ്രകാരം റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയിലെ അന്തിമ തീർപ്പിന്റെ സ്വഭാവമനുസരിച്ചാണ് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത്. കേരള സർവീസ് ചട്ടങ്ങൾ പ്രകാരം, സസ്പെൻഷന് ആധാരമായ വിഷയങ്ങളുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരനെ പൂർണമായും കുറ്റവിമുക്തനാക്കുകയോ, വകുപ്പുതല അച്ചടക്ക നടപടികളുടെ അന്തിമ തീർപ്പ് പ്രകാരം യാതൊരു ശിക്ഷാ നടപടികളും സ്വീകരിക്കാതെ അച്ചടക്ക നടപടി അവസാനിപ്പിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് ടി ജീവനക്കാരന്റെ സസ്പെൻഷൻ കാലയളവ്, മുഴുവൻ ശമ്പളവും അലവൻസുകളും സഹിതം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിക്കുന്നത്. ഇവിടെ സസ്പെൻഷനാധാരമായ വിഷയത്തിൽ ശ്രീ. ജോജുവിനെ പൂർണമായും കുറ്റവിമുക്തനാക്കാതെ 'കർശന താക്കീത് നല്കിയാണ് അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള റിവ്യൂ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം.
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.സി.റ്റി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.12.09 12:37:25 IST
Reason: Approved

സെക്ഷൻ ഓഫീസർ